# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.600 06.02.2013-ൽ മറുപടിക്ക്

ചോദ്യം
ശ്രീ. ജി.സുധാകരൻ

ഉത്തരം
ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2012-2013 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| എ) | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ; | 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിലേക്കായി ഏതാണ്ട് മുന്നൂറ്റി ഇരുപത്തിയഞ്ചോളം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഇരുനൂറ്റിയമ്പതോളം പുതിയ പദ്ധതികൾ ആണ്. പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. ഭൂമി ലഭ്യമാകാത്തതുപോലുള്ള ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |

| | | |
|---|---|---|
| (ബി) | നടപ്പിലാക്കാൻ അവശേഷിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെ; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്; | 2012-13 ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗം നടപ്പിലാക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ, സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ സാങ്കേതിക നടപടികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ പല പദ്ധതികളും ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ മിക്കവയും ചുരുങ്ങിയ കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നവയുമല്ല. ഭരണാനുമതി പുറപ്പെടവിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31.01.2013 വരെ ഭരണാനുമതി നല്കിയിട്ടില്ലാത്തവയോ/ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാത്തവയോ ആയ പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കുമോ; | വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ബഡ്ജറ്റിലെ മുൻഗണനാ പരിപാടികളിൽ റൈസ് ബയോപാർക്ക്, കോക്കനട്ട് ബയോപാർക്ക്, ഗ്രീൻ ഹൗസ് പദ്ധതി, കുട്ടനാട്ടിൽ സമുദ്രനിരപ്പിന് താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ കാർഷിക ഗവേഷണ പരിശീലന കേന്ദ്രം, ആയുർവേദ സർവ്വകലാശാല, കേരള ഇന്നവേഷൻ മിഷൻ, സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ച്, ഇടുക്കി, വയനാട് വിമാനത്താവളങ്ങളുടെ സാധ്യതാ പഠനം, പുതിയ എയർസ്ട്രിപ്പുകൾക്ക് സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ചെലവ് വന്നിട്ടില്ല. |

D.K. Sunilkumar

സെക്ഷൻ ഓഫീസർ

# അനുബന്ധം

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – വ്യവസായ വകുപ്പ് |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുളള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുളളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – ആഭ്യന്തര വകുപ്പ് |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാഡമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – കായിക യുവജന ക്ഷേമ വകുപ്പ് |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ, ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരണം – സാമൂഹ്യ നീതി വകുപ്പ് |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ലക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – നികുതി വകുപ്പ് |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – വിനോദ സഞ്ചാര വകുപ്പ് |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – പ്രവാസി കാര്യ വകുപ്പ് |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുളള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ലാസ് മുറി – വിദ്യാഭ്യാസ വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – ഗ്രാമ വികസന വകുപ്പ് |
| സാങ്കേതിക സർവ്വകലാശാല – ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| വന്യമൃഗം മൂലമുളള കൃഷിനാശം ലഘൂകരിക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കേണ്ട സൗരോർജ്ജ വേലി/ ട്രെഞ്ച് നിർമ്മാണത്തിനുളള പദ്ധതി.- വനം വകുപ്പ് |
| പൈനാപ്പിൾ മിഷൻ – കൃഷി വകുപ്പ് |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം - ഗതാഗത വകുപ്പ് |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം – പൊതുമരാമത്ത് വകുപ്പ് |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ– തുറമുഖ വകുപ്പ് |
| മാതൃക കയർഗ്രാമം പദ്ധതി – കയർ വകുപ്പ് |

D. K. Sundaran
സെക്ഷൻ ഓഫീസർ